# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കോളേജ്, പടന്നക്കാട് പി.ഒ.,
കാസറഗോഡ് ജില്ല, പിൻ: 671314 കേരളം
ഫോൺ: 91 467 2282699, 91 467 2280616, ഫാക്സ്: 91 467 2284099,
E-mail: coapad@kau.in

മഹാത്മാഗാന്ധി ഇന്ത്യ ആലോചിക്കുന്നു

നം. ജി.2-4577/2021 | തീയതി :23.10.2021

## ദർഘാസ് പരസ്യം

പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാം കരുവാച്ചേരി (യൂണിറ്റ്-2) ലെ പശുക്കളുടെയും (18 മുതൽ 22 എണ്ണം വരെ) പശുക്കിടാങ്ങളുടെയും (3 മുതൽ 8 എണ്ണം വരെ) പരിപാലനത്തിന്റെ ഭാഗമായി താഴെപ്പറയുന്ന ജോലികൾ ചെയ്യാൻ താൽപര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് ഉറപ്പിക്കുന്ന തീയ്യതി മുതൽ ഒരു വർഷത്തേക്കായിരിക്കും കാലാവധി.

പശുപരിപാലന ജോലികൾ താഴെപറയും പ്രകാരമാണ്:

1. രാവിലെ 5.30നും ഉച്ചയ്ക്ക് 1.30നും കറവജോലി.
2. പാലിന്റെ അളവ് കണക്കാക്കുകയും വിതരണത്തിന് സഹായിക്കലും.
3. പശുപരിപാലനത്തിനായിട്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾ അതായത് പശുവിനെ കുളിപ്പിക്കൽ, പാത്രങ്ങൾ വൃത്തിയാക്കൽ, ആല വൃത്തിയാക്കൽ തുടങ്ങിയവ.
4. പശുക്കളുടെയും-കിടാങ്ങളുടെയും ഫാമിന്റെ വിവിധ ബ്ലോക്കുകളിൽ പുല്ലിന്റെ ലഭ്യത അനുസരുച്ച് 4 മണിക്കൂർ തീറ്റണം.
5. പശുക്കൾക്ക് വേണ്ട തീറ്റപ്പുല്ല് ശേഖരിക്കുക, യഥാസമയം അവയ്ക്ക് ഭക്ഷണം നൽകുക മുതലായവ.
6. പശുക്കളുടെ ആരോഗ്യ ശുശ്രൂഷയ്ക്കും, പ്രസവസമയത്തും വെറ്റിനറി ഡോക്ടറെ സഹായിക്കുക തുടങ്ങിയ ജോലി.
7. പശുപരിപാലനവുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ ജോലികൾ

മുകളിൽപ്പറഞ്ഞ ജോലികൾ ചെയ്യുന്നതിന് ആവശ്യമായ ദിവസക്കൂലി എത്രയെന്ന് വെള്ളക്കടലാസിൽ എഴുതി ഒപ്പിട്ടു സീൽ ചെയ്ത കവറിൽ 9.11.2021 ന് 3 മണിക്ക് മുമ്പായി ഡീൻ, കാർഷിക കോളേജ് പടന്നക്കാട് എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

ദർഘാസിനൊപ്പം 4500/- രൂപ നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്. കൃത്യസമയത്ത് കിട്ടിയ ദർഘാസുകൾ അതേദിവസം 3.30 മണിക്ക് തന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞതും സ്വീകാര്യവുമായ നിരക്ക് അംഗീകരിക്കുന്നതുമായിരിക്കും.

വിജിയിയായ ദർഘാസുകാരൻ അറിയിപ്പ് കിട്ടി 3 ദിവസത്തിനകം ജോലി ആരംഭിക്കേണ്ടതും സമയബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥൻമാർ നിഷ്കർഷിക്കുന്ന ജോലികൾ ഫാമിലുള്ള മറ്റ് വസ്തുവകകൾക്ക് ഒന്നും നഷ്ടം സംഭവിക്കാതെ ചെയ്തുതീർക്കേണ്ടതാണ്. ഫാമിലെ മറ്റു ജീവനക്കാരുമായി സഹകരിക്കേണ്ടതും ഫാമിലെ അച്ചടക്കരീതികൾ പാലിക്കേണ്ടതുമാണ്. സ്വീകരിക്കപ്പെടുന്ന ദർഘാസ് സമർപ്പിച്ചയാൾ 200/- രൂപ മുദ്രപത്രത്തിൽ ഒരു കരാർ നിർദ്ദിഷ്ട മാതൃകയിൽ എഴുതി നൽകേണ്ടതാണ്. കൂടാതെ ഒരു വർഷത്തേക്കുള്ള മൊത്തം കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതാണ്. കരാറിൽ നിന്ന് ഇടയ്ക്ക് വെച്ച് പിൻമാറുകയാണെങ്കിൽ ആയതിനെ തുടർന്ന് ഫാമിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഉത്തരവാദിത്തം കരാറുകാരനായിരിക്കും. ആയതിനുള്ള നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

വരുമാനനികുതി ബാധകമാകുന്ന സാഹചര്യത്തിൽ നിലവിലുള്ള നിരക്ക് ഈടാക്കുന്നതായിരിക്കും. വർഷത്തിൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ പ്രതിഫലം ലഭിക്കുന്ന സാഹചര്യത്തിൽ പാൻകാർഡ് നിർബന്ധമായും എടുത്തിരിക്കേണ്ടതാണ് അല്ലാത്തപക്ഷം ഉയർന്ന നിരക്കിൽ നികുതി ഈടാക്കുന്നതാണ്. ജോലി ചെയ്തതിനുള്ള പ്രതിഫലം ബില്ലു തന്നാൽ ചെക്കായി/ഓൺലൈൻ ട്രാൻസ്ഫർ മുഖേന ഓരോ മാസവും നൽകുന്നതായിരിക്കും.

താമസിച്ച് ലഭിച്ചതോ വ്യക്തമായ വിവരങ്ങൾ ഇല്ലാത്തതോ ആയ ദർഘാസുകൾ തിരസ്ക്കരിക്കുന്നതാണ്. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം 3 മണി വരെ ദർഘാസ് സ്വീകരിക്കുന്നതും 3.30 ന് തുറന്ന് പരിശോധിക്കുന്നതുമാണ്.

മറ്റ് വിവരങ്ങൾ ഓഫീസ് പ്രവൃത്തിസമയത്ത് അന്വേഷിക്കാവുന്നതാണ്. ഫോൺ നമ്പർ : 0467 2280616, 0467 2281966 & 0467 2280358.

ഒപ്പ്
ഡോ. മിനി പി.കെ.
ഡീൻ

പകർപ്പ്:

1. നോട്ടീസ് ബോർഡ്, കോളേജ് ഓഫീസ്/IF-1/IF-2
2. ഓഫീസർ-ഇൻ-ചാർജ്ജ്, ഫാം IF-1/IF-2
3. വെബ്സൈറ്റ്

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ